**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6064 04/07/2019 ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ് സ്കൂളുകളിലെ തൊഴിൽ ചൂഷണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. എം.ഉമ്മർ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | അൺ എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ചൂഷണംനടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അദ്ധ്യാപക അനദ്ധ്യാപകരുടെ വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് എന്തെല്ലാം സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.<br>സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനദ്ധ്യാപകരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വേതനം ബാങ്കുവഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും,സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി നൽകുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ ങ്ങളിൽ വേതനം ബാങ്ക് വഴി വിതരണം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ